**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2122** **12-02-2024 - ൽ മറുപടിയ്ക്ക്**

**അക്ഷയ കേന്ദ്രങ്ങളെ സംരക്ഷിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ അവയെ സംരക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പുതിയ സേവനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾക്കായുള്ള നിരക്കിൽ കാലോചിത മാറ്റം വരുത്തുന്നതിന് അക്ഷയ ഡയറക്ടർ നൽകിയ പ്രപ്പോസൽ പരിശോധനയിലാണ്. |
| (ബി) | വ്യാജ ഓൺലൈൻ സേവന കേന്ദ്രങ്ങളും അനധികൃത സി.എസ്.സി. കേന്ദ്രങ്ങളും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമ പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന അനധികൃത ഓൺലൈൻ കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | പബ്ലിക് പോർട്ടലിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സേവനങ്ങളുടെ ദുരുപയോഗം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 27/06/2018 ലെ സ.ഉ(സാധാ)നം.177/2018/വിസവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 07/11/2019 ലെ സ.ഉ(കൈ ) നം.26/2019/വിസവ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സേവനങ്ങൾ നൽകുന്നതിനുള്ള അംഗീകൃത കേന്ദ്രങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മാത്രമായി നിശ്ചയിച്ചിട്ടുണ്ട്.<br><br>നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ നിർദ്ദേശങ്ങളും നടപ്പാക്കണമന്ന് പഞ്ചായത്ത്/ അർബൻ വകുപ്പ് ഡയറക്ടർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾക്ക് സമാനമായ രീതിയിൽ പ്രവർത്തിക്കുന്ന ഇതര കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാ പ്രോജക്ട് മാനേജർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അക്ഷയ കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾക്ക് മാത്രമായി വിവരസാങ്കേതികവിദ്യയിൽ നൈപുണ്യമുള്ള ഒരു മുഴുവൻ സമയ മേധാവിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കാമോ; | (സി) | നിലവിൽ പരിഗണനയിലില്ല |

| | | | |
|---|---|---|---|
| (ഡി) | അക്ഷയ കേന്ദ്രങ്ങളുടെ സംരക്ഷണത്തിനായി നിയമം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ